# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മുദാക്കൽ ഗ്രാമപഞ്ചായത്ത് — മങ്കാട്ടുമൂല, കോരാണി എന്നിവിടങ്ങളിലെ മാവേലി സ്റ്റോറുകളുടെ വാടക തുടർന്നും തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം. 765/2018/തസ്വഭവ                    തീയതി, തിരുവനന്തപുരം: 22/03/2018

---

പരാമർശം:- 1) 04/02/2013 ലെ സ.ഉ.(സാധാ) നം. 301/2013/തസ്വഭവ.

2) 29/03/2017 ലെ സ.ഉ.(സാധാ) നം.947/2017/തസ്വഭവ.

3) മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 29/03/2017 ലെ സാധാരണ മീറ്റിംഗിലെ 52/1 -ാം നമ്പർ തീരുമാനം.

4) മുദാക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/12/2017 ലെ എ 3-761/16 നമ്പർ കത്ത്

5) പഞ്ചായത്ത് ഡയറക്ടറുടെ 23/01/2018 ലെ ജി1-28/2018 നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിലെ കോരാണി, മങ്കാട്ടുമൂല എന്നിവടങ്ങളിടെ മാവേലി സ്റ്റോറുകളുടെ 2016-17 ലെ കെട്ടിട വാടകയായ 90,072/- രൂപ "പ്രോജക്ട് നമ്പർ 55 - മാവേലി സ്റ്റോർ കെട്ടിടത്തിന്റെ വാടക" എന്ന പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു.

2) പ്രസ്തുത മാവേലി സ്റ്റോറുകൾക്ക് 2017-18 ലെ വാടക നൽകുന്നതിനായി "പ്രോജക്ട് നമ്പർ - 13/17-18 മാവേലി സ്റ്റോർ കെട്ടിടത്തിന്റെ വാടക" എന്ന പദ്ധതിയിലുൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 1,34,000/- രൂപ വകയിരുത്തിയിട്ടുള്ളതായും, പഞ്ചായത്തിൽ പൊതു കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്ത് പി.ഡബ്ല്യു.ഡി നിരക്കിൽ വാടക നിശ്ചയിച്ച് പദ്ധതി രൂപീകരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടുണ്ടെന്നും,, ആയത് നടപ്പാക്കുന്നതിന് പരാമർശം (3) ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതായും ആയതിനാൽ ടി തുക വാടകയ്ക്കായി അനുവദിയ്ക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (4) പ്രകാരം പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു. ടി പ്രോജക്ടിന്റെ പകർപ്പ് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിലെ കോരാണി, മങ്കാട്ടുമൂല എന്നിവടങ്ങളിലെ മാവേലി സ്റ്റോറുകളുടെ 2016-17 ലെ കെട്ടിട വാടകയായ 90,072/- രൂപയുടെ "പ്രോജക്ട് നമ്പർ 55 - മാവേലി സ്റ്റോർ കെട്ടിടത്തിന്റെ വാടക" എന്ന പദ്ധതിയ്ക്ക് സർക്കാർ കെട്ടിട വാടക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് പഞ്ചായത്തിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ്

പുറപ്പെടുവിച്ചിട്ടുള്ളതിന് തുടർച്ചയായി 2017-18 ലെ വാടക നൽകുന്നതിനായി "പ്രോജക്ട് നമ്പർ - 13/17-18 മാവേലി സ്റ്റോർ കെട്ടിടത്തിന്റെ വാടക" എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തിട്ടുള്ള 1,34,000/- (ഒരു ലക്ഷത്തി മുപ്പത്തിനാലായിരം രൂപ മാത്രം ) നിലവിലുള്ള നിരക്കിൽ വാടക അനുവദിച്ച് നല്കേണ്ടതാണ് എന്ന വ്യവസ്ഥപ്രകാരം അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
വി.എസ്.സന്തോഷ്
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മുദാക്കൽ ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ